# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *318 — 14/03/2018 ൽ മറുപടിക്ക്

### വിജിലൻസ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ്<br>,, ഇ.പി.ജയരാജൻ<br>,, പി.കെ. ശശി<br>,, പി.ടി.എ. റഹീം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) | വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ച വരുന്നു.<br>**1)** ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് ഭരണ നിർവ്വഹണം കൂടുതൽ സുതാര്യമാക്കുന്നതിനായി വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസ്സിംഗ് സിസ്റ്റം (iAPS) ആരംഭിച്ചു.<br>**2)** ഡിജിറ്റൽ തെളിവുകൾ സ്വീകരിക്കുന്നതിനും കേസ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br>**3)** വിജിലൻസിന്റെ കൈവശമുള്ള ഫയലുകളും രേഖകളും ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി ഡി-സ്പേസ് (D-Space) എന്ന ആർക്കൈവ് സംവിധാനം ആരംഭിക്കുന്നുണ്ട്.<br>**4)** വിജിലൻസ് യൂണിറ്റുകൾ തമ്മിലും വിജിലൻസ് ആസ്ഥാനവുമായും വാർത്താവിനിമയ സംവിധാനത്തിനുവേണ്ടി COB മെസ്സേജ് സംവിധാനം ആരംഭിക്കുന്നുണ്ട്.<br>**5)** അഴിമതി വിരുദ്ധ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 16.12.2016-ലെ സ.ഉ.(എം.എസ്) 34/16/വിജി ഉത്തരവ് പ്രകാരം ബ്യൂറോയിൽ 24 പുതിയ തസ്തികകൾ സൃഷ്ടിച്ചു. അന്വേഷണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിന് 12 വാഹനങ്ങളും 7 ഡിജിറ്റൽ ക്യാമറകളും വാങ്ങിയിട്ടുണ്ട്. കൂടാതെ 60 കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വിജിലൻസ് അന്വേഷണങ്ങൾ / കേസുകൾ സംബന്ധിച്ച വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | സമയബന്ധിതവും കൃത്യതയോടും ലഭ്യമാക്കുന്നതിനായി നിലവിലുള്ള വിജിലൻസ് സ്യൂട്ട് കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനത്തിൽ വരുത്തേണ്ട എന്തൊക്കെ പരിഷ്കാരങ്ങളാണ് ഭരണ പരിഷ്കാര കമ്മീഷൻ ശിപാർശ ചെയ്തിരിക്കുന്നത്; | (ബി) | നാലാമത് ഭരണ പരിഷ്ക്കാര കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിൽ സ്റ്റേറ്റ് വിജിലൻസ് കമ്മീഷൻ രൂപീകരിക്കാൻ ശിപാർശ നൽകിയിട്ടുണ്ട്. |
| (സി) | അഴിമതിക്കേസുകളുടെ സ്വഭാവത്തിൽ വന്ന മാറ്റത്തിനനുസരിച്ച് അത്തരം കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ വിജിലൻസിൽ വരുത്തിയ നവീകരണ നടപടികൾ എന്തെല്ലാമാണ്; | (സി) | ആധുനിക കാലഘട്ടത്തിൽ സമൂഹം നേരിടുന്ന നൂതന കുറ്റകൃത്യങ്ങൾ കണക്കിലെടുത്ത് ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുന്നതിനും കേസ് അന്വേഷണങ്ങൾ കൂടുതൽ കാര്യക്ഷമം ആക്കുന്നതിലേക്കുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | മുൻകാലങ്ങളിൽ യാതൊരു തെളിവുമില്ലാതെ നിക്ഷിപ്ത താൽപര്യത്തോടെ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്യുകയും തെളിവില്ല എന്ന കാരണത്താൽ കോടതിയിൽ അവസാനിപ്പിക്കുകയും ചെയ്തിരുന്ന എന്ന ആക്ഷേപം ഒഴിവാക്കാൻ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ? | (ഡി) | സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിൽ അന്വേഷണങ്ങൾ മുന്നോട്ട് കൊണ്ടു പോകുക എന്ന ലക്ഷ്യത്തോടെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യാൻ ഉത്തരവിടുന്നതിന് മുമ്പ് വളരെ ജാഗ്രതയോടെ പരാതിയിന്മേൽ വിജിലൻസ് അന്വേഷണം / പ്രാഥമിക അന്വേഷണം / സത്വരാന്വേഷണം / രഹസ്യാന്വേഷണം എന്നിവ നടത്തി അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾക്ക് അനുയോജ്യമായ കുറ്റകൃത്യങ്ങൾ നടന്നുവെന്ന് കണ്ടെത്തിയാൽ മാത്രമേ നിലവിൽ കേസുകൾ രജിസ്റ്റർ ചെയ്ത് തുടരന്വേഷണം നടത്തിവരാറുള്ളൂ. |

Rahul

സെക്ഷൻ ഓഫീസർ